പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*278

11-12-2018-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ജി.എസ്. ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രളയക്കെടുതി ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള കൃഷി നഷ്ടങ്ങളിൽ നിന്ന് കർഷകന് താങ്ങായി എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം മൂലമുള്ള കൃഷി നാശം സംഭവിച്ച കർഷകർക്ക് നിലവിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ആനുകൂല്യം അനുവദിച്ചുവരുന്നത്. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 01.04.2012 മുതൽ പുനർ നിർണയിച്ചിരുന്നു. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ലഭിച്ചു കൊണ്ടിരുന്ന ധനസഹായത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിന് അധികമായി വേണ്ടി വരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91 പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നു.<br><br>സംസ്ഥാനത്ത് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട 27 വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും അംഗങ്ങളാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കാമ്പെയ് നുകൾ നടത്തി ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ, നെൽ കൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീട രോഗ ബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി, തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ / വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.<br><br>2016-17 വർഷം മുതൽ കേന്ദ്ര സർക്കാർ പ്രധാനമന്ത്രി ഫസൽ ബീമായോജന എന്ന ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് പകരമായി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുംകാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ രോഗ കീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.<br><br>നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൽ നെൽകൃഷിക്കുള്ള ആനുകൂല്യം കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം ചെയ്ത പഞ്ചായത്തുകൾക്കും വാഴയ്ക്ക് എല്ലാ ജില്ലകളിലെയും വിജ്ഞാപനം ചെയ്ത ബ്ലോക്കുകൾക്കും മരച്ചീനി കൃഷിക്കും എല്ലാ ജില്ലകളിലെയും വിജ്ഞാപനം ചെയ്ത ബ്ലോക്കുകൾക്കും പ്രയോജനം ലഭിക്കും. |
| **(ബി)** | പ്രളയക്കെടുതിയിൽ കൃഷി നശിച്ചവർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തിന് പുറമെ വിള ഇൻഷ്വറൻസും ലഭ്യമാക്കുമോ; വ്യക്തമാക്കുമോ; | **(ബി)** | പ്രളയക്കെടുതിയിൽ കൃഷി നശിച്ച കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തിന് പുറമെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യവും നൽകിവരുന്നു. അപ്രതീക്ഷിതമായി സംഭവിക്കുന്ന പ്രകൃതിക്ഷോഭങ്ങൾ മൂലം ഉണ്ടാകുന്ന കൃഷി നാശങ്ങൾക്ക് നിലവിൽ രണ്ട് ആനുകൂല്യങ്ങളും ഒരേ കർഷകർക്ക് നൽകുന്നതാണ്. |
| **(സി)** | പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസിന്റെ അനിവാര്യത കർഷകർക്ക് ബോധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വിള ഇൻഷ്വറൻസിനെക്കുറിച്ച് വ്യാപകമായ ബോധവല്ക്കരണം നടത്തുമോ; | **(സി)** | പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസിന്റെ അനിവാര്യത കർഷകർക്ക് ബോധ്യമായിട്ടുണ്ട്. നിലവിൽ വിള ഇൻഷ്വറൻസിന്റെ ആവശ്യകതയെ കുറിച്ച് കൃഷി ഭവൻ തലത്തിലും ഗ്രാമപഞ്ചായത്ത് ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ദൃശ്യ ശ്രാവ്യ അച്ചടി മാധ്യമങ്ങൾ വഴിയും കർഷകർക്ക് ബോധവൽക്കരണം നടത്തിവരുന്നു. അതോടൊപ്പം പഞ്ചായത്ത് തലത്തിൽ വിള ഇൻഷ്വറൻസിനെക്കുറിച്ച് ക്യാമ്പയിനുകളും നടത്തിവരുന്നു. |
| **(ഡി)** | വിള ഇൻഷ്വറൻസ് എടുക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ? | **(ഡി)** | സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച്, കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ വഴി നടപ്പാക്കിവരുന്നു. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കു ശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.<br><br>പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതും 5 ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിനാശം |

| | | | |
|---|---|---|---|
| | | | തിട്ടപ്പെട്ടത്തേണ്ടതുമാണ് നെൽകൃഷി ഉൾപ്പെടെ മറ്റു വിളകൾക്ക് 4 ലക്ഷം രൂപ വരെയുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. നെൽകൃഷിക്ക് 10 ലക്ഷം വരെയുള്ള നഷ്ടപരിഹാരം കൃഷി ഡയറക്ടർ തലത്തിലും, നെൽകൃഷിയ്ക്ക് 10 ലക്ഷത്തിന് മുകളിലും മറ്റ് വിളകൾക്ക് 5 ലക്ഷത്തിന് മുകളിലും ഉള്ള നഷ്ടപരിഹാരം കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ